ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.06.2025**

## പ്രധാനവാർത്തകൾ

1. തിരുവനന്തപുരം ശ്രീ ചിത്ര ആശുപത്രിയിലെ ചികിത്സാ ഉപകരണങ്ങളുടെ അഭാവം പരിഹരിക്കാനുള്ള മാർഗങ്ങൾ തേടുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ; പ്രതിസന്ധി ചർച്ച ചെയ്യാൻ അടിയന്തര യോഗം ചേർന്നു.
2. ആക്രമണകാരികളായ വന്യമൃഗങ്ങളെ നേരിടാൻ സംസ്ഥാന സർക്കാരിന് അനുയോജ്യമായ നടപടി സ്വീകരിക്കാമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദ്രയാദവ്.
3. നിലമ്പൂരിൽ പതിനഞ്ചുകാരൻ മരിച്ച സംഭവത്തെ രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കാൻ പ്രതിപക്ഷം ശ്രമിച്ചെന്ന തൻറെ പ്രസ്താവന വളച്ചൊടിച്ചെന്ന് മന്ത്രി എ.കെ.ശശീന്ദ്രൻ.
4. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ.
5. ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എം എസ് സി ഐറിന വിഴിഞ്ഞം തുറമുഖത്ത് എത്തി.
6. സംസ്ഥാനത്ത് ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും.

****************************** ******************************

RNU TVPM

## ആക്സിയം-4 വിക്ഷേപണം

ചരിത്ര ദൗത്യമായ ആക്സിയം-4 ൻ്റെ വിക്ഷേപണം നാളെ നടക്കും. ഇന്ത്യക്കാരനായ ശുഭാംശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ഫ്ലോറിഡയിലുള്ള നാസയുടെ കെന്നഡി സ്പേസ് സെൻ്ററിൽ നിന്ന് ഇന്ത്യൻ സമയം വൈകുന്നേരം 5:52 നാണ് യാത്ര ആരംഭിക്കുക. ഇന്ത്യയ്ക്ക് പുറമെ യുഎസ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ നിന്നുള്ള ബഹിരാകാശ യാത്രികരെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് കൊണ്ടുപോകുക. 1984 ൽ രാകേഷ് ശർമ്മയുടെ ബഹിരാകാശ ദൌത്യത്തിന് ശേഷം ഈ നേട്ടം കൈവരിക്കുന്ന ഇന്ത്യാക്കാരനാകുകയാണ് ശുഭാംശു ശുക്ല. നാസ,ഐഎസ്ആർഒ, മറ്റ് അന്താരാഷ്ട്ര ബഹിരാകാശ ഏജൻസികൾ എന്നിവ തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് ആക്സിയം-4 ദൌത്യം ഒരുങ്ങുന്നത്.

RNU TVPM

*********************** ***********************

## ശ്രീചിത്ര - അടിയന്തര യോഗം

തിരുവനന്തപുരം ശ്രീ ചിത്ര ആശുപത്രിയിൽ ചികിത്സാ ഉപകരണങ്ങളുടെ അഭാവം ഉൾപ്പടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ അടിയന്തര യോഗം ചേർന്നു. കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി, ശ്രീ ചിത്ര ഡയറക്ടർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ന്യൂറോ വിഭാഗത്തിൽ ചില അത്യാവശ്യ ഉപകരണങ്ങൾ കേടായതായും ചില ഉപകരണങ്ങളുടെ അഭാവും ചൂണ്ടിക്കാട്ടി ഒരുവിഭാഗം ഡോക്ടർമാർ മേധാവിക്ക് കത്ത് നൽകിയിരുന്നു. ചില ശസ്ത്രക്രിയകൾ മുടങ്ങിയതായും ആരോപണമുണ്ടായിരുന്നു. പ്രശ്നം

പരിഹരിച്ചതായി യോഗത്തിന് ശേഷം കേന്ദ്രസഹമന്ത്രി അറിയിച്ചു . ഉപകരണങ്ങൾ എത്തിക്കാനുള്ള മാർഗങ്ങൾ തേടുമെന്നും രണ്ടു ദിവസത്തിനകം ശസ്ത്രക്രിയകൾ പുനരാരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

************************************* *************************************

## ഭൂപേന്ദ്രയാദവ് - നിലമ്പൂർ

ആക്രമണകാരികളായ വന്യമൃഗങ്ങളെ നേരിടാൻ സംസ്ഥാന സർക്കാരിന് അനുയോജ്യമായ നടപടി സ്വീകരിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ഭൂപേന്ദ്രയാദവ്. അടിയന്തര സാഹചര്യത്തിൽ അനുയോജ്യ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു. മലപ്പുറത്ത് 15 കാരൻ മരിച്ച സംഭവത്തിൽ സംസ്ഥാന സർക്കാരിനും തദ്ദേശ സ്ഥാപനങ്ങൾക്കും വീഴ്ച പറ്റിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

************************************* *************************************

## എ കെ ശശീന്ദ്രൻ-നിലമ്പൂർ

നിലമ്പൂരിൽ വൈദ്യുതിക്കെണിയിൽ നിന്ന് ഷോക്കേറ്റ് പതിനഞ്ചുകാരൻ മരിച്ച സംഭവത്തിൽ തൻറെ പ്രസ്താവന വളച്ചൊടിച്ചെന്ന് വനംമന്ത്രി എ.കെ.ശശീന്ദ്രൻ. ഈ സംഭവം രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കാൻ പ്രതിപക്ഷം ഗൂഢാലോചന നടത്തുന്നുവെന്നാണ് താൻ ഇന്നലെ പറഞ്ഞതെന്ന് മന്ത്രി പറഞ്ഞു. മരണത്തിനിടയാക്കിയ സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന് താൻ പറഞ്ഞിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, കുടുംബത്തിനുള്ള എല്ലാ സഹായവും ഉറപ്പാക്കുമെന്ന് മന്ത്രി ഒ ആർ കേളു പറഞ്ഞു. സംഭവത്തെ

രാഷ്ട്രീയമായി ഉപയോഗിക്കാൻ ശ്രമിക്കുന്നത് യു ഡി എഫ് ആണെന്നും മരിച്ച അനന്ദുവിൻറെ വീട് സന്ദർശിച്ചശേഷം അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

************************** ***************************

## നിലമ്പൂർ -പ്രതിഷേധം

മലപ്പുറത്ത് വൈദ്യുതി കെണിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർത്ഥിയായ അനന്തു മരിച്ച സംഭവത്തിൽ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷ പാർട്ടികൾ. എൻഡിഎ സ്ഥാനാർഥി അഡ്വ. മോഹൻ ജോർജിന്റെ നേതൃത്വത്തിൽ നിലമ്പൂർ വനം വകുപ്പ് ഓഫീസിന് മുന്നിൽ ധർണ നടത്തി. അതേസമയം, പരാതി നൽകിയിട്ടും കെഎസ്ഇബി നടപടി എടുത്തില്ല എന്ന് ആരോപിച്ച് യുഡിഎഫ്,വഴിക്കടവ് കെഎസ്ഇബി ഓഫീസിനു മുന്നിൽ പ്രതിഷേധിച്ചു. സംഭവത്തിൽ പഞ്ചായത്ത് ഭരണസമിതിക്ക് വീഴ്ച പറ്റിയെന്ന് ആരോപിച്ച് വഴിക്കടവ് പഞ്ചായത്ത് ഓഫീസിലേക്ക് എൽഡിഎഫും ഇന്ന് മാർച്ച് നടത്തി. അതേസമയം, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബാലാവകാശ കമ്മീഷൻ ചെയർ പേഴ്സൺ കെ വി മനോജ് കുമാർ തുടങ്ങിയവർ അനന്തുവിൻ്റെ വീട് സന്ദർശിച്ചു.

RNU TVPM

************************** ***************************

## വിഴിഞ്ഞം-ഇൻട്രോ

ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എം എസ് സി ഐറിന വിഴിഞ്ഞം തുറമുഖത്ത് എത്തി. രാവിലെ 9.18 ഓടെയാണ് കപ്പൽ ബർത്തിങ് പൂർത്തിയാക്കിയത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

*********************************** **********************************

## നിലമ്പൂർ - പ്രചാരണം

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ ഇന്ന് നടക്കും. ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

*********************************** **********************************

## ട്രോളിങ്ങ് നിരോധനം

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിങ്ങ് നിരോധനം. സംസ്ഥാനത്തെ നാലായിരത്തോളം ട്രോളിങ് ബോട്ടുകൾക്ക് ഈ കാലയളവിൽ കടലിൽ പോകാനാകില്ല. അതേസമയം പരമ്പരാഗത യാനങ്ങൾക്കും , മോട്ടോറൈസ്ഡ് ബോട്ടുകൾക്കും ഉപരിതല മത്സ്യബന്ധനത്തിന് അനുമതിയുണ്ട്. ട്രോളിങ് നിരോധനം സമാധാനപരമായി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഫിഷറീസ് വകുപ്പിൻ്റെ നേതൃത്വത്തിൽ പൂർത്തിയാക്കി.

RNU TVPM

*********************************** **********************************

## പ്രധാനമന്ത്രി - 11 വർഷം

കഴിഞ്ഞ 11 വർഷത്തിനിടെ 140 കോടി ജനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ മേഖലകളിൽ രാജ്യം വലിയ മാറ്റത്തിന് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സാമ്പത്തിക വളർച്ച മുതൽ സാമൂഹിക ഉന്നമനം വരെ എല്ലാ കാര്യങ്ങളിലും

എല്ലാവരെയും, എല്ലാ മേഖലകളേയും ഉൾകൊള്ളിച്ചുള്ള ജനക്ഷേമ പദ്ധതികളാണ് നടപ്പാക്കിയതെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

******************************* ******************************

## സഖി വൺ സ്റ്റോപ്പ് സെൻറർ

തിരുവനന്തപുരം പൂജപ്പുരയിൽ വനിതാ ശിശു വകുപ്പ് സമുച്ചയത്തിനകത്ത് നിർമ്മിച്ച പുതിയ സഖി വൺ സ്റ്റോപ്പ് സെൻറർ കെട്ടിടം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. 60 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയൽ, അതിജീവിച്ചവർക്ക് ആവശ്യമായ കൌൺസിലിംഗ്, പോലീസ് സംരക്ഷണം തുടങ്ങിയ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയുടെ ഭാഗമാണ് സഖി വൺ സ്റ്റോപ്പ് സെന്റർ.

RNU TVPM

******************************* ******************************

## ലൈബ്രറി-ഇടുക്കി (ഇൻട്രോ)

ഗോത്രവർഗ നിവാസികൾക്കിടയിൽ വായനാശീലം വളർത്താൻ ലൈബ്രറിയുമായി വനം വകുപ്പ്. ഇടുക്കി ഉപ്പുതറ, കണ്ണംപടിയിലെ മൂന്ന് ഗോത്രവർഗ ഉന്നതികളിലാണ് വനം വകുപ്പ് വായനശാല ഒരുക്കുന്നത്. സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെൻ്റ് ഏജൻസിയുടെസഹായത്താൽ ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനാണ് പദ്ധതി നടപ്പാക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

**********************************************************

## മുണ്ടക്കൈ -മണ്ണിടിച്ചിൽ

മുണ്ടക്കൈ വനമേഖലയിൽ ഒരാഴ്ച മുൻപ് ഉരുൾപൊട്ടലിന് സമാനമായ രീതിയിൽ മണ്ണിടിച്ചിൽ ഉണ്ടായെന്ന് വിവരം. കഴിഞ്ഞവർഷം ഉരുൾപൊട്ടലുണ്ടായ പ്രദേശത്തോട് ചേർന്ന കരിമുറ്റം മലയിലാണ് ഒരാഴ്ച മുൻപ് ശക്തമായ മണ്ണടിച്ചിൽ ഉണ്ടായത്. സംഭവം അധികൃതർ മൂടിവെച്ചതായി പരാതി ഉയർന്നിട്ടുണ്ട്.

**********************************************************

## കാട്ടാന ആക്രമണം

കോന്നി കല്ലേലിയിൽ കാട്ടാന ആക്രമണം. ബൈക്ക് യാത്രക്കാരനായ എസ്റ്റേറ്റ് ജീവനക്കാരൻ വിദ്യാധരൻ നായർ പരിക്കുകളോടെ രക്ഷപ്പെട്ടു. ഇന്ന് രാവിലെയാണ് സംഭവം. ഇയാളെ പത്തനംതിട്ടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചു. കല്ലേലി റോഡിൽ സ്ഥിരമായി കാട്ടാനകളുടെ സാന്നിധ്യമുണ്ട്.

RNU TVPM

**********************************************************

## വൈശാഖ മഹോത്സവം.. (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് തിരി തെളിഞ്ഞു. ഇന്നലെ അർദ്ധ രാത്രിയോടെ ആരംഭിച്ച നെയ്യാട്ടം പുലർച്ചയോടെ പൂർത്തിയായി. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

*********************************** *******************************

## സൈനികൻ മരണം-സിക്കിം

സിക്കിമിലെ ഛാതനിൽ മലവെള്ളപ്പാച്ചിലിൽ അകപ്പെട്ട് മരണമടഞ്ഞ സൈനികൻ P K സൈനുദ്ദീൻറെ മൃതദേഹം ജന്മനാടായ ലക്ഷദ്വീപിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ തുടരുന്നതായി സൈനിക വൃത്തങ്ങൾ അറിയിച്ചു. No.12 മദ്രാസ് റെജ്മെൻറിൻറെ കീഴിൽ സേവനമനുഷ്ഠിക്കുകയായിരുന്നു P K.സൈനുദ്ദീൻ. ജൂൺ ഒന്നിനാണ് അപകടം നടന്നത്. ശനിയാഴ്ചയാണ് മൃതദേഹം ലഭിച്ച വിവരം ബന്ധുക്കളെ അറിയിച്ചത്.

*********************************** *******************************

## കാലാവസ്ഥ

സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം വീണ്ടും സജീവമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം 17 വരെ മഴ ശക്തമായി തുടരാനാണ് സാധ്യത. അടുത്ത മൂന്ന് മണിക്കൂറിൽ എറണാകുളം, തൃശൂർ ജില്ലകളിൽ ചില സ്ഥലങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

*********************************** *****************************************************************************

***********************************

RNUTVPM